**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1160** **10-08-2023 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തികയിൽ എത്ര സ്ഥിരം ജീവനക്കാരും എത്ര താൽക്കാലിക ജീവനക്കാരും പ്രവർത്തിക്കുന്നുണ്ടെന്നും വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ എത്ര വാട്ടർ കണക്ഷനുകൾ ഉണ്ടെന്നും അറിയിക്കാമോ; | (എ) | വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തികയിൽ 344 സ്ഥിരം ജീവനക്കാരും 1408 താൽക്കാലിക ജീവനക്കാരും പ്രവർത്തിക്കുന്നുണ്ട്.<br><br>2023 ജൂൺ 30 ലെ കണക്ക് പ്രകാരം ആകെ കണക്ഷനുകളുടെ എണ്ണം - 41,42,868 |
| (ബി) | ഒരു മീറ്റർ റീഡർ ഒരു ദിവസം രേഖപ്പെടുത്തേണ്ട റീഡിങ്ങിന്റെ എണ്ണം എത്രയാണെന്ന് പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; പ്രസ്തുത തോത് നിശ്ചയിച്ച് ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 23.06.2023 ലെ KWA/HO/RMC/R1/950/2020 നമ്പർ ഉത്തരവ് പ്രകാരം ഒരു മീറ്റർ റീഡർ ഒരു ദിവസം രേഖപ്പെടുത്തേണ്ട റീഡിങ്ങിന്റെ എണ്ണം പഞ്ചായത്തിൽ 50 എണ്ണവും മുൻസിപ്പാലിറ്റിയിൽ 60 എണ്ണവും കോർപ്പറേഷനിൽ 80 എണ്ണവുമായി നിശ്ചയിച്ചിട്ടുണ്ട്. ഒരുമാസം മിനിമം 20 ദിവസം റീഡിങ്ങ് എടുക്കണമെന്നും ബാക്കി ദിവസങ്ങളിൽ ഡിസ്കണക്ഷൻ ഉൾപ്പെടെയുള്ള മറ്റ് ജോലികളിൽ ഏർപ്പെടണമെന്നും നിശ്ചയിച്ചിരിക്കുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1ആയി ചേർക്കുന്നു. |
| (സി) | മേൽപ്പറഞ്ഞ റീഡിങ് നിരക്ക് പുനർ നിശ്ചയിച്ചു കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും പ്രസ്തുത ഉത്തരവു മരവിപ്പിക്കാൻ ഇടയാക്കിയ സാഹചര്യവും വ്യക്തമാക്കുമോ? | (സി) | മേൽപ്പറഞ്ഞ റീഡിങ് നിരക്ക് 25.07.2023 ലെ യൂണിയൻ നേതാക്കളുമായുള്ള ചർച്ചയെ തുടർന്ന് താൽക്കാലികമായി മരവിപ്പിച്ചു എങ്കിലും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 04.08.2023 ലെ KWA/HO/RMC/R1/950/2020 നമ്പർ ഉത്തരവ് പ്രകാരം എല്ലാ മീറ്റർ റീഡർമാരും പ്രതിമാസ ടാർഗറ്റ് ആയ 600 എണ്ണം (ഗ്രാമപ്രദേശങ്ങളിൽ), 800 എണ്ണം (നഗരപ്രദേശങ്ങളിൽ) എന്നതിനേക്കാൾ 20% റീഡിംഗ് കൂടുതലായി എടുക്കേണ്ടതാണ്. അതായത് പ്രതിമാസം ഗ്രാമപ്രദേശങ്ങളിൽ 720 റീഡിങ്ങുകളും നഗര പ്രദേശങ്ങളിൽ 960 റീഡിങ്ങുകളും എടുക്കേണ്ടതാണ്. യൂണിയനുകൾ ഉന്നയിച്ച പ്രായോഗിക ബുദ്ധിമുട്ടുകളെ കുറിച്ച് സെപ്റ്റംബർ 30-നകം കൂടുതൽ പഠനം നടത്തി 2023 ഒക്ടോബർ ആദ്യവാരം അന്തിമ തീരുമാനം എടുക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2-ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

Web site: www.kwa.kerala.gov.in 'ജലം ജീവാമൃതം' Fax: 91-0471-2324903
Tel : 0471-2328654

# KERALA WATER AUTHORITY

Jalabhavan
Thiruvananthapuram – 695033
Kerala – India

Draft #12 of File KWA/HO/RMC/R1/950/2020 Approved by Managing Director on 23-Jun-2023 12:55 PM - Page 1

## മാനേജിങ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം:-കേരള വാട്ടർ അതോറിറ്റി- മീറ്റർ റീഡർമാർ പ്രതിമാസം എടുക്കുന്ന റീഡിങ്ങുകളുടെ എണ്ണം കാലാനുസൃതമായി വർധിപ്പിക്കുന്നത് സംബന്ധിച്ച്.

---

നം: കെ ഡബ്ല്യൂ എ/HO/RMC/R1/950/2020

തീയതി: 23.06.2023

---

*പരാമർശം:*-1. 12-05-2005-ലെ കെ ഡബ്ല്യൂ എ/HO/AM-16/RM നമ്പർ നടപടിക്രമം.
2. 31-12-2020-ലെ കെ ഡബ്ല്യൂ എ/HO/RMC/R1/950/2020 നമ്പർ നടപടിക്രമം.
3. 05-01-2021-ലെ കെ ഡബ്ല്യൂ എ/HO/RMC/R1/950/2020 നമ്പർ നടപടിക്രമം.
4. 20-01-2021-ലെ കെ ഡബ്ല്യൂ എ/HO/RMC/R1/950/2020 നമ്പർ നടപടിക്രമം.
5. 24-05-2023 ൽ നടന്ന റവന്യൂ വർക്ക് ഷോപ്പിലെ തീരുമാനം.

## ORDER

സൂചന (2) പ്രകാരമുള്ള നടപടിക്രമം അനുസരിച്ച് പഞ്ചായത്ത് പ്രദേശങ്ങളിൽ മീറ്റർ റീഡർമാർ പ്രതിദിനം എടുക്കേണ്ട റീഡിങ്ങിന്റെ എണ്ണം 80 ആയും കോർപ്പറേഷൻ/മുൻസിപ്പാലിറ്റി പ്രദേശത്ത് പ്രതിദിനം എടുക്കേണ്ട റീഡിങ്ങിന്റെ എണ്ണം 100 ആയും വർധിപ്പിച്ച് ഉത്തരവായിരുന്നു. എന്നാൽ ഈ പരിഷ്കരണം സംബന്ധിച്ച് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തേണ്ടതുള്ളതിനാലും അവരുടെ അഭിപ്രായവും കൂടി പരിഗണിക്കേണ്ടതുള്ളതുകൊണ്ടും 04/01/2021ൽ മാനേജിങ് ഡയറക്ടർ അംഗീകൃത യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ റീഡിങ്ങിന്റെ എണ്ണം വർദ്ധിപ്പിച്ചത് പുനപരിശോധിക്കണമെന്ന് യൂണിയനുകൾ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് സൂചന രണ്ടിലെ ഉത്തരവ് നടപ്പിലാക്കുന്നത് താൽക്കാലികമായി നിർത്തിവച്ച് സൂചന 3 പ്രകാരം ഉത്തരവാകുകയും ചെയ്തു.

പ്രസ്തുത പരിഷ്കരണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ ചർച്ചകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന (4) പ്രകാരം അക്കൗണ്ട്സ് മെമ്പർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മറ്റിയുടെ നിർദ്ദേശങ്ങൾ 16/04/2021 ൽ മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത കമ്മറ്റിയുടെ ശുപാർശകൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുവാൻ ടെക്നിക്കൽ മെമ്പറെ മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുകയുണ്ടായി. 21/04/2021 ൽ ടെക്നിക്കൽ മെമ്പറുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിൽ മീറ്റർ റീഡിങ്ങുകളുടെ എണ്ണം മീറ്റർ റീഡർമാർ ഒരു മാസം മിനിമം ഇരുപത് ദിവസമെങ്കിലും റീഡിങ് എടുക്കേണ്ടതും ബാക്കിയുള്ള പ്രവർത്തി ദിവസങ്ങളിൽ ഡിസ്കണക്ഷൻ ഉൾപ്പെടെയുള്ള മറ്റ് ജോലികൾ നിർവഹിക്കും എന്ന അനുമാനത്തിൽ താഴെപ്പറയുന്നത് പ്രകാരം പുനക്രമീകരിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി.

1. പഞ്ചായത്ത് പ്രദേശങ്ങളിൽ പ്രതിദിനം എടുക്കേണ്ട മീറ്റർ റീഡിങ്ങുകളുടെ എണ്ണം -

50 റീഡിങ്

2. മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ എടുക്കേണ്ട റീഡിങ്ങുകളുടെ എണ്ണം - 60 റീഡിങ്
3. കോർപ്പറേഷൻ പ്രദേശങ്ങളിൽ എടുക്കേണ്ട റീഡിങ്ങുകളുടെ എണ്ണം - 80 റീഡിങ്

സൂചന 5 പ്രകാരം നടന്ന റവന്യൂ വർക്ക് ഷോപ്പിൽ മീറ്റർ റീഡിങ് എടുക്കുന്നതിന്റെ എണ്ണം കഴിഞ്ഞ 18 വർഷമായി വർദ്ധിപ്പിക്കാത്തതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ഇക്കാര്യത്തിൽ കാലാനുസൃതമായ പരിഷ്കരണം വരുത്തണമെന്ന് തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ മെമ്പറുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് മീറ്റർ റീഡർമാർ പ്രതിദിനം എടുക്കേണ്ട റീഡിങ്ങുകളുടെ എണ്ണം സൂചന രണ്ട് ഉത്തരവിലെ ക്രമ നമ്പർ ഒന്നും രണ്ടും താഴെ പറയും പ്രകാരം (01-07-2023 മുതൽ) പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1. പഞ്ചായത്ത് പ്രദേശങ്ങളിൽ പ്രതിദിനം എടുക്കേണ്ട മീറ്റർ റീഡിങ്ങുകളുടെ എണ്ണം - 50 റീഡിങ് (ഒരു മാസം മിനിമം ഇരുപത് ദിവസം റീഡിങ് )
2. മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ പ്രതിദിനം എടുക്കേണ്ട റീഡിങ്ങുകളുടെ എണ്ണം - 60 റീഡിങ് (ഒരു മാസം മിനിമം ഇരുപത് ദിവസം റീഡിങ്)
3. കോർപ്പറേഷൻ പ്രദേശങ്ങളിൽ പ്രതിദിനം എടുക്കേണ്ട റീഡിങ്ങുകളുടെ എണ്ണം - 80 റീഡിങ് (ഒരു മാസം മിനിമം ഇരുപത് ദിവസം റീഡിങ്)

ജൽജീവൻ മിഷൻ പദ്ധതി മുഖേന കേരളത്തിലെ റൂറൽ മേഖലയിലെ എല്ലാ വീടുകളിലും വാട്ടർ കണക്ഷൻ നൽകുന്നതിനാൽ, കണക്ഷനുകളുടെ എണ്ണം വരും വർഷങ്ങളിൽ ക്രമാതീതമായി വർദ്ധിക്കുന്നതാണ്. ആയതിനാൽ എല്ലാ രണ്ടുവർഷത്തിലൊരിക്കൽ ടി റീഡിങ്ങുകളുടെ എണ്ണം പുനപരിശോധിക്കുന്നതാണ്. സൂചന രണ്ട് ഉത്തരവിലെ ക്രമ നമ്പർ മൂന്നുമുതൽ പതിനാല് വരെയുള്ള നിർദ്ദേശങ്ങൾ മാറ്റങ്ങൾ ഇല്ലാതെ തുടരും.

*Sd/-*

ഭണ്ഡാരി സ്വാഗത് രൺവീർചന്ദ് ഐ എ എസ്

മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ചീഫ് എൻജിനീയർമാർക്കും

പകർപ്പ്

എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
PA TO MD PA TO AM PA TO TM
CE(OPERATIONS)/CE(HRD)/FM&CAO/Sr.AO/DBA/SF

Draft #12 of File KWA/HO/RMC/R1/950/2020 Approved by Managing Director on 23-Jun-2023 12:55 PM - Page 2

The document is digitally approved. Hence signature is not needed.

I/26839/2023

**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2328654**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

## KERALA WATER AUTHORITY

**Jalabhavan**
**Thiruvananthapuram – 695033**
**Kerala - India**

**മാനേജിങ് ഡയറക്ടറുടെ നടപടി ക്രമം തിരുവനന്തപുരം**

**ഹാജർ : Bhandari Swagat Ranveerchand IAS**

വിഷയം: കെ.ഡബ്ല്യൂ.എ.- ആർ.എം.സി.- മീറ്റർ റീഡർമാരുടെ പ്രതിമാസ മീറ്റർ റീഡിങ് ടാർജറ്റ് പുനഃ ക്രമീകരിക്കുന്നത് സംബന്ധിച്ച്.

-----------------------------------------------------------------------------------------------------------

Dated:04-08-2023

-----------------------------------------------------------------------------------------------------------

പരാമർശം: 1. മാനേജിങ് ഡയറക്ടറുടെ 23/06/2023-ലെ ഉത്തരവ് നമ്പർ KWA/HO/RMC/R1/950/2020.
2. മാനേജിങ് ഡയറക്ടറുടെ അധ്യക്ഷതയിൽ 25/07/2023-ന് യൂണിയൻ പ്രതിനിധികളുമായി നടത്തിയ മീറ്റിങ് മിനുട്സ്

**ഉത്തരവ്**

സൂചന 1 പ്രകാരമുള്ള ഉത്തരവിൻ മേൽ യൂണിയൻ പ്രതിനിധികളുമായി സൂചന 2 പ്രകാരം നടത്തിയ മീറ്റിംഗിൽ യൂണിയൻ പ്രതിനിധികൾ മീറ്റർ റീഡർമാരുടെ പ്രായോഗിക ബുദ്ധിമുട്ടുകൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

- എല്ലാ മീറ്റർ റീഡർമാരും പ്രതിമാസം റൂറൽ പ്രദേശങ്ങളിൽ 720 റീഡിങ്ങുകളും അർബൻ പ്രദേശങ്ങളിൽ 960 റീഡിങ്ങുകളും എടുക്കേണ്ടതാണ്. ഈ ടാർജെറ്റിനെക്കാൾ കൂടുതൽ റീഡിങ് എടുക്കാൻ എല്ലാ മീറ്റർ റീഡർമാരും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണ്.
- എല്ലാ റീഡർ മാർക്കും PALM-HELD മെഷീൻ നൽകുന്നതിനായി മെഷീൻ വാങ്ങുന്നതിനുള്ള ടെൻഡറിന്റെ പ്രീ ബിഡ് മീറ്റിംഗ് ആഗസ്ത് 26-ന് മുൻപ് നടത്തുന്നതാണ്.
- പ്രതിദിനം എടുക്കേണ്ട റീഡിങ്ങുകളുടെ ടാർജറ്റ് പൂർത്തിയാക്കത്തക്ക രീതിയിൽ മീറ്റർ റീഡർമാർക്ക് റൂട്ടുകൾ പുനർനിർണയിച്ച് നൽകേണ്ടത് അതാത് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ചുമതലയാണ്. ഇതിലേക്കായി JJM വോളണ്ടീർമാരുടെ സേവനം ഉപയോഗിച്ച് ഓരോ റൂട്ട്കളിലേയും കണക്ഷനുകളുടെ എണ്ണവും കണക്ഷനുകൾ തമ്മിലുള്ള ദൂരവും റൂട്ടിന്റെ ആകെ ദൂരവും ഗൂഗിൾ മാപ്പ് ഉപയോഗിച്ച് കണക്കാക്കേണ്ടതാണ്.ഈ പ്രവൃത്തി സെപ്റ്റംബർ 30-നകം പൂർത്തിയാക്കേണ്ടതും ആയതിന്റെ പുരോഗതി റെവന്യൂ ഓഫീസർമാർ വിലയിരുത്തുകയും ഓരോ ആഴ്ചയും ആർ.എം.സി-യെ അറിയിക്കുകയും വേണം.

ഒക്ടോബർ ആദ്യ ആഴ്ച യൂണിയൻ നേതാക്കളുമായി നിശ്ചയിച്ചിട്ടുള്ള മീറ്റിംഗിന് ശേഷമായിരിക്കും സൂചന 1 ലെ ഉത്തരവിൻ മേലുള്ള തീരുമാനം.

സ്വീകർത്താവ്

1. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.
2. എല്ലാ റവന്യൂ ഓഫീസർമാർക്കും.